**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1261** **15-10-2026-ൽ മറുപടിയ്ക്ക്**

**സ്കൂൾ അപ്ഗ്രേഡേഷൻ നിയന്ത്രണങ്ങളിലെ ഇളവുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് എസ്.എസ്.കെ. നടത്തിയ സ്കൂൾ മാപ്പിംഗ് വിജ്ഞാപനം അവസാനമായി പുതുക്കിയത് എപ്പോഴാണെന്നും പുതിയ സ്കൂളുകൾ അനുവദിക്കുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

**മറുപടി:** വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എസ്. എസ്. കെ സ്കൂൾ മാപ്പിംഗ് നടത്തുകയും വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ.ഇ.ആർ അദ്ധ്യായം- V ചട്ടം(2), ഉപ ചട്ടം (iv) പ്രകാരം അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് 2017 സെപ്റ്റംബർ 20- നാണ്. പുതിയ സ്കൂളുകൾ അനുവദിക്കുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച വിഷയം നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ആയതിൽ അന്തിമ വിധി ന്യായം പുറപ്പെടുവിച്ചിട്ടില്ല.

**(ബി)** പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ 13.06.2007-ലെ സ.ഉ(പി)നം.107/2007/പൊവിവ ഉത്തരവിലെ നിയന്ത്രണങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഇപ്പോൾ പരിഗണനയിൽ ഇല്ല

**(സി)** വൈപ്പിൻ തീരദേശ മേഖലയിലെ വിദ്യാർത്ഥികളുടെ തുടർപഠന സൗകര്യവും യാത്രാ ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് വൈപ്പിൻ കനോസ്സ യു.പി. സ്കൂൾ ഉൾപ്പെടുന്ന പ്രദേശത്തെ വിദ്യാഭ്യാസ വിദൂരപ്രദേശങ്ങളുടെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** എസ്.എസ്.കെ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശമാണെന്ന് കണ്ടെത്തിയാൽ മാത്രമേ വിദൂര പ്രദേശങ്ങളുടെ പട്ടികയിൽ വൈപ്പിൻ കനോസ്സ യു.പി സ്കൂൾ ഉൾപ്പെടുന്ന പ്രദേശത്തെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

**(ഡി)** തിരുമല ദേവസ്വം (ടി.ഡി) ഹയർ സെക്കണ്ടറി സ്കൂൾ വിഷയം ഉൾപ്പെടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ കുട്ടികൾക്കായി അൺ-എയ്ഡഡ് സ്കൂളുകളെ എയ്ഡഡ്

ആക്കുന്നതിന് KER Chapter-V, Rule 6 (vii) ചട്ടത്തിൽ ഇളവ് നൽകാനോ ഭേദഗതി വരുത്താനോ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഇപ്പോൾ പരിഗണനയിൽ ഇല്ല

**(ഇ)** കൊച്ചി മണ്ഡലത്തിൽ എത്ര അൺ എയ്ഡഡ് ഹയർ സെക്കണ്ടറി ബാച്ചുകൾ നിലവിലുണ്ട്; കൊച്ചി മേഖലയിലെ സീറ്റുകളുടെ കുറവ് പരിഹരിക്കാൻ പുതിയ എയ്ഡഡ് ബാച്ചുകൾ അനുവദിക്കുന്നതിനായി ഏതെങ്കിലും ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കൊച്ചി മണ്ഡലത്തിൽ 5 അൺ എയ്ഡഡ് ഹയർ സെക്കന്ററി ബാച്ചുകൾ നിലവിലുണ്ട്. എറണാകുളം മേഖലാ ഉപമേധാവിയുടെ പ്രാദേശിക ആവശ്യകതാ റിപ്പോർട്ടിൽ ടി പ്രദേശത്ത് ഹയർ സെക്കന്ററി സീറ്റുകളുടെ കുറവുകൾ ഉള്ളതായി സൂചിപ്പിച്ചിട്ടില്ല. കൂടാതെ, അധികമായി ടി പ്രദേശങ്ങളിൽ ബാച്ചുകളും സീറ്റുകളും അനുവദിക്കുന്നതിനായി മേഖലാ ഉപമേധാവി ശിപാർശ ചെയ്തിട്ടുമില്ല.

**സെക്ഷൻ ഓഫീസർ**